# കേരള സർക്കാർ

## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.43 29.06.2016 – ലെ മറുപടിക്ക്

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. ശശീന്ദ്രൻ<br>ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>ശ്രീ. വി.ജോയി<br>ശ്രീ. എ. പ്രദീപ് കുമാർ | ഡോ. ടി .എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

| | | |
|---|---|---|
| എ | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അവലോകനം നടത്തിയിരുന്നുവോ | സംസ്ഥാനം അതീവ ഗുരുതരമായ ധന പ്രതിസന്ധിയെ നേരിടുകയാണ്. മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 24.05.2016 - ൽ 1009.30 കോടിരൂപ മാത്രമാണ് ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നത്.എന്നാൽ 2016 മെയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശിക (1000 കോടിയിൽപ്പരം രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബില്ല് (2000 കോടി), കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കിനും നൽകേണ്ടത് (1600 കോടി) എന്നിവയുൾപ്പെടെ 4600 കോടിയില്പരം രൂപ അടിയന്തിരമായി കൊടുത്തു തീർക്കാനുള്ള ബാധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 രൂപ കോടി സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ബാധ്യത 5965 കോടിയില്പരം രൂപ വരും<br><br>ഇടക്കാല ബഡ്ജറ്റ് പ്രകാരം 2016-2017 — ലെ റവന്യൂ കമ്മി 9,697 കോടി രൂപയാണ്. ധനകാര്യ വകുപ്പിന്റെ പുതിയ കണക്കുകൾ പ്രകാരം ഇത് 18,195 കോടി രൂപയായി ഉയരും 2016-17 - ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വായ്പയെടുക്കാൻ അനുവാദം നൽകിയിരിക്കുന്നത് 18,524 കോടിരൂപ മാത്രമാണ്. ഇപ്പോൾ അനുവദിച്ചിരിക്കുന്ന മുഴുവൻ വായ്പയും നിത്യനിദാന ചിലവുകൾക്കായി ഉപയോഗിക്കേണ്ടി വരും. മൂലധനച്ചെലവുകൾക്ക് പണം ബാക്കിയുണ്ടാവില്ല എന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. |
| ബി | സാമ്പത്തിക സ്ഥിതി പ്രതിസന്ധിയിലാക്കാനുള്ള | നികുതി വരുമാനത്തിലെ ഗണ്യമായ ഇടിവാണ് നിലവിലെ സാമ്പത്തിക പ്രതിസന്ധിക്കുള്ള |

| | | |
|---|---|---|
| | കാരണങ്ങൾ അറിയിക്കാമോ | മുഖ്യകാരണം. 2006-07 നും 2010-11 നും ഇടയ്ക്ക് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ പ്രതിവർഷം 17.4 ശതമാനം ശരാശരി വളർച്ച രേഖപ്പെടുത്തിയിരുന്നു. എന്നാൽ ഇത് 2011-12 മുതൽ 2015-16 കാലയളവിൽ 12.5 ശതമാനമേ ഉയർന്നുള്ളു. സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ വളർച്ചാ നിരക്കിനെക്കാൾ താഴ്ന്ന നിരക്കിലാണ് ഇക്കാലയളവിലെ നികുതി വരുമാനത്തിന്റെ വളർച്ച.<br>ഇന്നത്തെ സ്ഥിതി വിശേഷത്തിന് മറ്റൊരു കാരണം പദ്ധതിയേതര ചെലവുകളുടെ ക്രമാതീതമായ വർദ്ധനവാണ്. വികസന പ്രവർത്തനങ്ങൾക്കായി സമാഹരിച്ച വായ്പ സംസ്ഥാനത്തിന്റെ നിത്യനിദാന ചെലവുകൾക്ക് വിനിയോഗിച്ചതിലൂടെ പദ്ധതി ചെലവുകൾക്ക് ഫണ്ട് തികയാതെ വരികയും തൻമൂലം കഴിഞ്ഞ രണ്ട് വർഷങ്ങളിലെ പദ്ധതി ചെലവ് അടങ്കലിന്റെ 60 ശതമാനം മാത്രമായി ചുരുങ്ങുകയും ചെയ്തു. |
| സി | സാമ്പത്തിക നിലയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ | സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതിയെക്കുറിച്ചും ഇത് മറികടക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും വിശദമായും സമഗ്രമായും പ്രതിപാദിക്കുന്ന ഒരു ധവളപത്രം തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| ഡി | സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് ആരായുന്നതെന്ന് വിശദമാക്കാമോ | റവന്യൂ വർദ്ധിപ്പിക്കാനുള്ള ആത്മാർത്ഥവും ഊർജിതവുമായ ശ്രമങ്ങൾ വഴി നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനാവും ഇതോടൊപ്പം തന്നെ അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതുണ്ട്. മൂലധനചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിന് ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യുന്നതോടൊപ്പം സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് ഉപയോഗിച്ചുകൊണ്ട് ബഡ്ജറ്റിന് പുറമേയുള്ള വായ്പ വാങ്ങലുകളിലൂടെ വൻകിട പദ്ധതികളിലുള്ള പൊതുനിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതുവഴി വളർച്ച ത്വരിതപ്പെടുത്തുവാനുദ്ദേശിക്കുന്നു.<br>പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള അടിസ്ഥാനസൗകര്യ വികസനത്തിനു വേണ്ടി 50,000 - 100000 കോടി രൂപയുടെ നിധി സമാഹരിക്കേണ്ടിയിരിക്കുന്നു.<br>അക്കൗണ്ടന്റ് ജനറൽ ഓഫീസ്, ധനവകുപ്പ്, ട്രഷറികൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വിവിധ ഡാറ്റാ ബേസുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു പുതിയ ഫിനാൻഷ്യൽ മാനേജ് മെന്റ് സിസ്റ്റം, ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം, ഇന്റലിജന്റ് |

| | | |
|---|---|---|
| | | ഫോർക്കാസ്റ്റിംഗ് ഉപാധികളുൾപ്പെടുന്ന ലികിഡിറ്റി മാനേജ് മെന്റ് സിസ്റ്റം എന്നിവ തയ്യാറാക്കും. ഈ ഉപാധികൾ ഇപ്പോഴുള്ള ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറാൻ സഹായിക്കും എന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ